ഹദീസ്

അബ്ദുർറശീദ് നദ്‌വി

# ജനങ്ങളുടെ പെരുമാറ്റങ്ങളിൽ പ്രകോപിതരാകരുത്

عَنْ عَائِشَةَ رَضِيَ اللهُ عَنْهَا أَنَّهَا قَالَتْ: ماَ خُيِّرَ رَسُول اللهِ صَلّى اللهُ عَلَيْهِ وَسَلَّمَ فِي أَمْرَيْنِ إلّا اخْتَار أَيْسَرَهما، مَا لَمْ يَكُنْ إِثْماً فَإِنْ كَانَ إِثْماً كَانَ أَبعَدُ النَّاسِ مِنْه وَما انتقَمَ رَسُولُ اللهِ صَلَّى الله عَلَيه وَسَلَّمَ لِنَفْسِهِ إلّا أَنْ تُنْتَهَكَ حرمةُ اللهِ فَيَنْتَقِم لله بها

**ആഇശ(റ)യിൽനിന്ന്. അവർ പറഞ്ഞു: "രണ്ട് കാര്യങ്ങളിലൊന്ന് തെരഞ്ഞെടുക്കേണ്ടിവരുമ്പോൾ ഏറ്റവും എളുപ്പമുള്ളതാണ് തിരുദൂതർ തെരഞ്ഞെടുക്കുക; അത് പാപകരമല്ലെങ്കിൽ. പാപകരമായ എല്ലാറ്റിൽനിന്നും ഏറ്റവും അകന്നു നിൽക്കുക അദ്ദേഹമായിരിക്കും. തന്നെ ഉപദ്രവിച്ചതിന്റെ പേരിൽ ഒരാളോടും പ്രവാചകൻ പ്രതികാരം ചെയ്തിരുന്നില്ല. ദൈവിക പരിധികൾ ലംഘിക്കപ്പെടുമ്പോൾ മാത്രമായിരുന്നു അല്ലാഹുവിനു വേണ്ടി പ്രതിക്രിയ ചെയ്തിരുന്നത്" (ബുഖാരി അൽ അദബുൽ മുഫ്റദിലും (5775) മുസ്‌ലിം 'അൽ ഫളാഇൽ' എന്ന അധ്യായത്തിലും (2327) ഉദ്ധരിച്ചത്).**

عَنْ عَائِشَةَ رَضِيَ اللهُ عَنْهَا قَالَتْ: مَا ضَرَبَ رَسُولُ اللَّهِ صلى الله عليه وسلم شَيئًا قَطّ بِيَدِه وَلا إِمْرَأَةً وَلاَ خَادِمًا

**ആഇശ(റ) പറഞ്ഞു: "സ്ത്രീയോ വേലക്കാരനോ ആരാവട്ടെ, ഒരാളെയും പ്രവാചകൻ സ്വന്തം കൈകൊണ്ട് ഒരിക്കലും അടിച്ചിട്ടില്ല" (മുസ്‌ലിം 2328, അബൂദാവൂദ് 4786).**

عَنْ عَبْدِ اللَّهِ ابْنَ الزُّبَيْرِ : فِي قَوْلِهِ { خُذِ الْعَفْوَ } قَالَ: أُمِرَ نَبِيُّ اللَّهِ صلى الله عليه وسلم أَنْ يَأْخُذَ الْعَفْوَ مِنْ أَخْلاَقِ النَّاسِ

**അബ്ദുല്ലാഹിബ്നു സുബൈർ(റ), 'താങ്കൾ വിട്ടുവീഴ്ച കൈക്കൊള്ളുക' എന്ന ഖുർആനിക സൂക്തത്തെപ്പറ്റി പറഞ്ഞു: "ജനങ്ങളുടെ പെരുമാറ്റങ്ങളിൽ വിട്ടുവീഴ്ച കൈക്കൊള്ളണമെന്ന് പ്രവാചകനോട് കൽപിക്കുകയുണ്ടായി" (അബൂദാവൂദ് 4787).**

ഈ മൂന്ന് ഹദീസുകളും ചേർത്തു വായിച്ചാൽ പ്രവാചകന്റെ സമുന്നതമായ ഒരു സ്വഭാവവിശേഷം തെളിഞ്ഞുവരും. ജനങ്ങളുടെ പെരുമാറ്റങ്ങളിൽ പ്രകോപിതരാകാതെ ഉദാരതയും വിട്ടുവീഴ്ചാ മനഃസ്ഥിതിയും കൈക്കൊള്ളുക എന്നതാണത്. അവരുടെ പെരുമാറ്റങ്ങളിൽ നാം പൂർണത പ്രതീക്ഷിക്കരുത്. കുറ്റങ്ങളും കുറവുകളും അവർക്ക് ധാരാളമുണ്ടാവും. സ്വഭാവവും പെരുമാറ്റവുമൊന്നും ശരിയല്ല എന്നു പറഞ്ഞ് ഒരു വിശ്വാസി തന്റെ സഹോദരനെ ആക്ഷേപിക്കുകയോ പ്രയാസപ്പെടുത്തുകയോ ചെയ്തുകൂടാത്തതാണ്. വ്യക്തിപരമായ ഇടപാടുകളിലും പെരുമാറ്റങ്ങളിലും പൊതുജനങ്ങളുടെ പിഴവുകളും ദൗർബല്യങ്ങളും പോരായ്മകളുമൊക്കെ പൊറുക്കാനും മറക്കാനും നമുക്ക് കഴിയണം. ജീവിതത്തിന് ശാന്തിയും മനോഹാരിതയും ലഭിക്കുക അപ്പോഴാണ്. പലതരം പോരായ്മകളും ദൗർബല്യങ്ങളുമുള്ള മനുഷ്യരോട് അതിൽനിന്നൊക്കെ മുക്തനായ വിശ്വാസിക്കുണ്ടാവേണ്ടത് അലിവും കരുണയുമാണ്.

ഇക്കാര്യങ്ങളിലൊക്കെ നമ്മുടെ ഗുരുവും വഴികാട്ടിയും അന്ത്യപ്രവാചകൻ മുഹമ്മദ് നബി(സ) തന്നെയാണ്. ശത്രുക്കൾ പ്രവാചകനെ അധിക്ഷേപിക്കുകയും ശകാരിക്കുകയും ചെയ്തിട്ടുണ്ട്, ശാരീരികമായി കൈയേറ്റം നടത്തുക പോലുമുണ്ടായിട്ടുണ്ട്. അവരെയൊന്നും പ്രവാചകൻ വാക്കുകൾ കൊണ്ട് പോലും നോവിച്ചിട്ടില്ല. തന്റെ കഠിന ശത്രുക്കൾ മക്കാ വിജയവേളയിൽ കീഴടക്കപ്പെട്ടവരായി തന്റെ മുമ്പിൽ വന്നുനിന്നപ്പോൾ അവർക്ക് മാപ്പുകൊടുക്കുകയും പിരിഞ്ഞുപോകാൻ അവരെ അനുവദിക്കുകയുമാണ് പ്രവാചകൻ ചെയ്തത്. ഈ വിട്ടുവീഴ്ചാ മനോഭാവം ഏറ്റവും കൂടുതൽ കാണുക സമൂഹത്തിലെ പീഡിതരും ദുർബലരുമായ വിഭാഗങ്ങളോടുള്ള പ്രവാചകന്റെ പെരുമാറ്റത്തിലാണ്. വേലക്കാരെയും സ്ത്രീകളെയും പ്രത്യേകം എടുത്തു പറയുന്നത് അതുകൊണ്ടാണ്. ദുർബല വിഭാഗങ്ങളെ എല്ലായ്പ്പോഴും തനിക്കൊപ്പം സ്നേഹത്തോടെ, കരുണയോടെ ചേർത്തു പിടിക്കുകയായിരുന്നു പ്രവാചകൻ.

മനുഷ്യർക്ക് വഴികാട്ടാനും അവരെ നയിക്കാനും ഈ ഹൃദയവിശാലതയും ഉദാര സൗമ്യപ്രകൃതവും വിട്ടുവീഴ്ചയും പരിധികൾ വിടാതെയുള്ള എളുപ്പമാക്കലുമൊക്കെ ഉണ്ടായേ തീരൂ. പ്രവാചകന് അതൊക്കെ വേണ്ടുവോളമുണ്ടായിരുന്നു. ആ മാതൃക പിൻപറ്റേണ്ടതുണ്ട് പ്രബോധകനായ ഓരോ വിശ്വാസിയും. ●